വിസ്മയം കാത്ത് നിയമസഭ

സാബു ജോൺ

തിരുവനന്തപുരം: വിസ്മയിപ്പിക്കുന്ന വിജയത്തിന്റെ ആഘോഷാവേശത്തിലാണു ഭരണപക്ഷം. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിനുള്ള നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്തു ഭരണപക്ഷത്തുനിന്നു സംസാരിച്ച പരിചയസമ്പന്നരും പുതുമുഖങ്ങളുമെല്ലാം അവരുടെ ആഹ്ലാദം മറച്ചുവച്ചില്ല.

മുൻ മുഖ്യമന്ത്രി പിണറായി വിജയനെ ഇരുത്തിക്കൊണ്ട് മുൻ സർക്കാരിനെതിരേ അതിനിശിത വിമർശനമാണു നന്ദിപ്രമേയം അവതരിപ്പിച്ചു കൊണ്ട് എം. വിൻസന്റ് നടത്തിയത്. ഞങ്ങളല്ലാതെ മറ്റാരുണ്ട് എന്നു ചോദിച്ചവരോടു ഞങ്ങൾക്കു യുഡിഎഫ് ഉണ്ട് എന്നു കേരളത്തിലെ ജനങ്ങൾ വിളിച്ചു പറഞ്ഞ തെരഞ്ഞെടുപ്പാണു കഴിഞ്ഞതെന്ന് വിൻസന്റ് പറഞ്ഞു. ആടിയുലയില്ലെന്നു പറഞ്ഞ കപ്പൽ ആടിയുലഞ്ഞു. കപ്പിത്താൻ മാത്രം രക്ഷപ്പെട്ടു എന്ന് വിൻസന്റ് പറഞ്ഞു.

ഭൂരിപക്ഷ വർഗീയത ആളിക്കത്തിച്ചും ഇസ്ലാമോഫോബിയ വളർത്തിയും ഭരണം നിലനിർത്താനുള്ള ശ്രമങ്ങളെ കേരളത്തിലെ ജനങ്ങൾ തള്ളിക്കളഞ്ഞെന്നു ടി.വി. ഇബ്രാഹിം പറഞ്ഞു. ഇടതുകോട്ടകളായ മണ്ഡലങ്ങളുൾപ്പെടെ നാലു സീറ്റ് യുഡിഎഫിനു സമ്മാനിച്ച കാസർഗോഡിനു യുഡിഎഫ് സർക്കാരിൽ നിന്നും ഉചിതമായ സമ്മാനം ലഭിക്കുമെന്നാണ് മഞ്ചേശ്വരത്തു നിന്നു തിളക്കമാർന്ന വിജയം നേടിയ എ.കെ.എം. അഷ്റഫ് പ്രതീക്ഷിക്കുന്നത്. മുഴുവൻ സീറ്റും നൽകിയ ഇടുക്കിയോടും പ്രത്യേക സ്നേഹം കാട്ടുമെന്നു സേനാപതി വേണു പ്രതീക്ഷിക്കുന്നുണ്ട്. തോമസ് ഉണ്ണിയാടനും

റോയ് കെ. പൗലോസിനും സേനാപതി വേണുവിനും പട്ടയപ്രശ്നത്തേക്കുറിച്ചും വന്യമൃഗശല്യത്തേക്കുറിച്ചും കാർഷിക പ്രശ്നങ്ങളേക്കുറിച്ചുമാണു പറയാനുണ്ടായിരുന്നത്.

പി.ജെ. ജോസഫിന്റെ പിന്മുറക്കാരനായി എത്തിയ മകൻ അപു ജോൺ ജോസഫ് പിതാവിന്റെ മാനറിസങ്ങൾ അതേപടി പകർത്തിയാണു കന്നിപ്രസംഗം നടത്തിയത്. കൈകൾ പിന്നിൽ കെട്ടിയുള്ള പി.ജെ. ജോസഫിന്റെ നിൽപുതന്നെയായിരുന്നു അപുവിനും. രാഷ്ട്രീയം പറയാതെ വികസനത്തേക്കുറിച്ചു മാത്രം സംസാരിച്ച അപു മാലിന്യ സംസ്കരണത്തേക്കുറിച്ചും പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് ഊന്നൽ നൽകണ്ടതിന്റെ ആവശ്യകതയേക്കുറിച്ചും സംസാരിച്ചു. സിനിമ വ്യവസായം വളർത്തിയെടുക്കാനുള്ള സാധ്യതകളും അപു ജോൺ ജോസഫ് വിശദീകരിച്ചു.

അപരന്റെ ശബ്ദം സംഗീതംപോലെ ആസ്വദിക്കണം എന്നു കമ്യൂണിസം പറയുമ്പോൾ ഒരു മൈക്ക് ഓപ്പറേറ്ററുടെ ശബ്ദം പോലും സഹിക്കാൻ പറ്റാത്ത പത്തു വർഷങ്ങളാണു കടന്നു പോയതെന്നു മുഹമ്മദ് ഷിയാസ് പറഞ്ഞു. വി.ഡി. സതീശൻ എന്ന വിസ്മയത്തേക്കുറിച്ചു പാടിപ്പുകഴ്ത്താൻ കോൺഗ്രസുകാരേക്കാൾ മുസ്‌ലിം ലീഗുകാർക്കായിരുന്നു കൂടുതൽ ഉത്സാഹം. പി.കെ. ഫിറോസും എ.കെ.എം. അഷ്റഫും ടി.വി. ഇബ്രാഹിമുമെല്ലാം സിപിഎം വർഗീയ കാർഡ് ഇറക്കിയെന്ന ആരോപണമുയർത്തി. എന്നാൽ കേരളത്തിലെ ജനങ്ങൾ ഇതെല്ലാം തള്ളിക്കളഞ്ഞു. പി.കെ. കുഞ്ഞാലിക്കുട്ടിയുടെ 85,000 വോട്ടിന്റെ ഭൂരിപക്ഷമായിരുന്നു ജനപിന്തുണയുടെ തെളിവായി അവർ ഉയർത്തിക്കാട്ടിയത്.

താൻ സ്വതന്ത്രൻ എന്നു വ്യക്തമാക്കി പ്രസംഗിച്ചു തുടങ്ങിയ ജി. സുധാകരൻ ഇടതുപക്ഷത്തിന്റെ വീഴ്ചകൾ എണ്ണിയെണ്ണി പറഞ്ഞുകൊണ്ടിരുന്നു. കൂവി വിളിച്ചൊന്നും ഒരു രാജ്യത്തും മാറ്റമുണ്ടായിട്ടില്ല. അതിനു രക്തം ചിന്തണം.- സുധാകരനിലെ വിപ്ലവകാരി പുറത്തുവന്നു. സുസ്മേരവദനനായ മുഖ്യമന്ത്രിയിൽ ജനങ്ങൾക്കു വലിയ പ്രതീക്ഷയുണ്ടെന്നും സുധാകരൻ പറഞ്ഞു.

എല്ലാത്തിനെയും എതിർക്കുന്ന സമീപനം തങ്ങൾ സ്വീകരിക്കില്ലെന്നു പറഞ്ഞ പ്രതിപക്ഷത്തെ കെ.എൻ. ബാലഗോപാൽ, മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞ വിസ്മയിപ്പിക്കുന്ന ധവളപത്രത്തിൽ മുൻകൂർ ജാമ്യമെടുത്തു. തങ്ങൾ ഭരണമൊഴിയുമ്പോൾ 6000 കോടി ട്രഷറിയിൽ ഉണ്ടായിരുന്നു എന്നു ചൂണ്ടിക്കാട്ടി. 102 സീറ്റ് നേടിയ യുഡിഎഫ് കൗരവസഭ ആകാതിരിക്കട്ടെ എന്നായിരുന്നു പി. പ്രസാദിന്റെ ആശംസ. ഇടതുപക്ഷം ശക്തമായി തിരിച്ചുവരുമെന്നു കെ.വി. സുമേഷിന് ഉറപ്പാണ്. ബിജെപിയെയൊ കേന്ദ്ര സർക്കാരിനെയൊ ഒരു വാക്കു കൊണ്ടുപോലും നോവിക്കാതിരിക്കാൻ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടെന്ന് എ.സി. മൊയ്തീൻ അഭിപ്രായപ്പെട്ടു.

പിഎം ശ്രീയേക്കുറിച്ച് നയപ്രഖ്യാപനത്തിൽ ഒന്നും പറയുന്നില്ലെന്നായിരുന്നു വി. മുരളീധരന്റെ ആക്ഷേപം. യുഡിഎഫ് പ്രതിപക്ഷത്തായിരുന്നപ്പോൾ ശബരിമല സ്വർണക്കൊള്ളയിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ടിരുന്നതു ചൂണ്ടിക്കാട്ടിയ മുരളീധരൻ, ഇപ്പോൾ ഇക്കാര്യത്തിലെ നിലപാടെന്താണെന്നു ചോദിച്ചു.

പിണറായി വിജയനും വി.ഡി. സതീശനും റോളുകൾ പരസ്പരം മാറിവന്നതിനു ശേഷം ആദ്യമായി മുഖാമുഖം വരുന്നതിനും ഇന്നലെ സഭ സാക്ഷ്യം വഹിച്ചു. ഇന്ധനവിലവർധനയിൽ നിന്നുള്ള അധികവരുമാനം വേണ്ടെന്നു വയ്ക്കുന്ന വിഷയത്തിൽ അടിയന്തര പ്രമേയത്തിനു നോട്ടീസ് നൽകി. ബിസിനസിലേക്കു കടന്ന ആദ്യ ദിവസം തന്നെ വാക്കൗട്ടും അരങ്ങേറി. സാമ്പത്തികനില വ്യക്തമാക്കുന്ന വിസ്മയിപ്പിക്കുന്ന ധവളപത്രം വരുന്നുണ്ടെന്നു മുഖ്യമന്ത്രി വി.ഡി. സതീശൻ പ്രതിപക്ഷത്തിനു മുന്നറിയിപ്പു നൽകിയപ്പോൾ ആ ഉമ്മാക്കി കാട്ടി പേടിപ്പിക്കേണ്ട എന്നായിരുന്നു പ്രതിപക്ഷ നേതാവ് പിണറായി വിജയന്റെ മറുപടി.

ട്രംപ് വെടിനിർത്തൽ പ്രഖ്യാപിച്ചിട്ടും ഇസ്രയേൽ-ഹിസ്ബുള്ള ഏറ്റുമുട്ടൽ തുടരുന്നു

ബെയ്റൂട്ട്: അമേരിക്കൻ പ്രസിഡന്റ് ട്രംപിന്റെ മധ്യസ്ഥതയിൽ ഭാഗിക വെടിനിർത്തലിന് ഇസ്രയേലും ലബനനിലെ ഹിസ്ബുള്ള ഭീകരരും സമ്മതിച്ചെങ്കിലും ഏറ്റുമുട്ടൽ ഇന്നലെയും തുടർന്നു. ട്രംപ് തിങ്കളാഴ്ചയാണു വെടിനിർത്തൽ വിവരം പ്രഖ്യാപിച്ചത്. ഇസ്രയേൽ ലബനനിൽ ആക്രമണം തുടർന്നാൽ അമേരിക്കയുമായുള്ള സമാധാന ചർച്ചയിൽനിന്നു പിന്മാറുമെന്ന് ഇറാൻ ഭീഷണി മുഴക്കിയതിനു പിന്നലെയായിരുന്നു ഇത്.

എന്നാൽ, തിങ്കളാഴ്ച രാത്രിയും ഇരു വിഭാഗവും പരസ്പരം ആക്രമിച്ചു. തെക്കൻ ലബനനിൽ ഇസ്രേലി ടാങ്കുകളെ ലക്ഷ്യമിട്ട് മിസൈൽ തൊടുത്തതായി ഹിസ്ബുള്ള അറിയിച്ചു. ഇന്നലെ തെക്കൻ ലബനനിലെ ഒട്ടേറെ സ്ഥലങ്ങളിൽ ഇസ്രയേൽ നടത്തിയ ആക്രമണങ്ങളിൽ എട്ടു പേർ കൊല്ലപ്പെട്ടു.

ലബനീസ് തലസ്ഥാനമായ ബെയ്റൂട്ടിൽ ആക്രമണം നടത്താൻ സേനയ്ക്കു നിർദേശം നല്കിയതായി ഇസ്രേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു തിങ്കളാഴ്ച അറിയിച്ചിരുന്നു. ഇതിനു പിന്നാലെ, ഇറാനും അമേരിക്കയും തമ്മിലുള്ള വെടിനിർത്തൽ ധാരണയിൽ ലബനനും ഉൾപ്പെടുന്നുണ്ടെന്നും ലബനനു നേർക്കുള്ള ആക്രമണം വെടിനിർത്തൽ ലംഘനമാണെന്നും ഇറേനിയൻ വിദേശകാര്യമന്ത്രി അബ്ബാസ് അരാഗ്ചി പറഞ്ഞു.

ഇതോടൊപ്പം അമേരിക്കയുമായുള്ള സമാധാന ചർച്ചകൾ നിർത്തിവയ്ക്കേണ്ടിവരുമെന്ന് ഇറേനിയൻ വിപ്ലവഗാർഡുമായി ബന്ധമുള്ള തസ്നിം വാർത്താ ഏജൻസിയും റിപ്പോർട്ട് ചെയ്തു.

തുടർന്ന്, ബെഞ്ചമിൻ നെതന്യാഹുവുമായും ഹിസ്ബുള്ള പ്രതിനിധികളുമായും താൻ സംസാരിച്ചെന്നും ഇവർ വെടിനിർത്തലിനു സമ്മതിച്ചെന്നും ട്രംപ് അറിയിക്കുകയായിരുന്നു. ഇസ്രേലി സേന ബെയ്റൂട്ടിലേക്ക് നീങ്ങില്ലെന്നും ഇസ്രേലി സേനയ്ക്കെതിരേ ഹിസ്ബുള്ള ആക്രമണം നടത്തില്ലെന്നും ട്രംപ് കൂട്ടിച്ചേർത്തു. ഭീകരസംഘടനയായ ഹിസ്ബുള്ളയുമായി ഒരു യുഎസ് പ്രസിഡന്റ് ചർച്ച നടത്തുന്നത് ഇതാദ്യമാണ്.

ധവളപത്രം നാളെ സഭയിൽ

തിരുവനന്തപുരം: സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി സംബന്ധിച്ച ധവളപത്രം നാളെ നിയമസഭയുടെ മേശപ്പുറത്തു വയ്ക്കുമെന്നു സൂചന. ഒന്നും രണ്ടും പിണറായി സർക്കാരുകളുടെ സാമ്പത്തികസ്ഥിതിയും രണ്ടാം പിണറായി സർക്കാരിന്റെ ധൂർത്തും ഉൾപ്പെടെയുള്ള വിവരങ്ങൾ ധവളപത്രത്തിലുണ്ടാകുമെന്നാണു വിവരം.

ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിനു നന്ദി രേഖപ്പെടുത്തിയുള്ള നന്ദിപ്രമേയ ചർച്ച നാലിന് അവസാനിക്കും. 19നു സംസ്ഥാന ബജറ്റ് അവതരിപ്പിക്കും. ബജറ്റിനു മുന്നോടിയായിട്ടാണ് ധവളപത്രം ഇറക്കുന്നത്. സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയുമായി ബന്ധപ്പെട്ട വിസ്മയിപ്പിക്കുന്ന വിവരങ്ങളാണ് ധവളപത്രത്തിലുള്ളതെന്നും ധവളപത്രം നിയമസഭയുടെ മേശപ്പുറത്തു വയ്ക്കാനിരിക്കുന്ന സാഹചര്യത്തിൽ കൂടുതൽ വിവരങ്ങൾ പുറത്തുപറയുന്നില്ലെന്നും ഇന്നലെ അടിയന്തരപ്രമേയ നോട്ടീസിനു മറുപടി പറയവേ മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞിരുന്നു. മുൻ സർക്കാരിന്റെ കാലത്തെ സാമ്പത്തികസ്ഥിതിയുമായി ബന്ധപ്പെട്ട വിവരങ്ങളെല്ലാം ഇതിലുണ്ടാകും. പെട്രോളിയം ഉത്പന്നങ്ങൾക്ക് ഒരു നികുതിയും കൊടുക്കാതെ കേരളത്തിൽ വിൽക്കപ്പെടുന്ന സാഹചര്യം ഇവിടെയുണ്ടെന്നും ഇതെല്ലാം തടയുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ദുരന്ത നിവാരണ സംവിധാനം മികച്ചതാക്കുമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്തെ ദുരന്ത നിവാരണ സംവിധാനം രാജ്യത്തെ തന്നെ ഏറ്റവും മികച്ചതാക്കുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ നിയമസഭയിൽ അറിയിച്ചു. മഴക്കാലത്തെ ഗൗരവമായി കാണും. പ്രളയമുണ്ടായ 2018ലേതിനെക്കാൾ ശ്രദ്ധയോടെ കാര്യങ്ങൾ ചെയ്യുമെന്നും സജി ചെറിയാന്റെ ശ്രദ്ധക്ഷണിക്കലിനുള്ള മറുപടിയിൽ മുഖ്യമന്ത്രി പറഞ്ഞു.ദേശീയപാത നിർമാണവുമായി ബന്ധപ്പെട്ട് അഥോറിറ്റി ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി സ്ഥിതിഗതികൾ വിലയിരുത്തി.

40 വർഷം മുമ്പത്തെ ഇരട്ടക്കൊലപാതകം

പ്രതിയുടെ വെളിപ്പെടുത്തൽ ശരിയെന്നു കണ്ടെത്തി പോലീസ്

സ്വന്തം ലേഖകൻ

കോഴിക്കോട്: നാലു പതിറ്റാണ്ടു കാലം രഹസ്യമായി സൂക്ഷിച്ച കൊലപാതക വിവരങ്ങൾ പ്രതിതന്നെ സ്റ്റേഷനിലെത്തി വെളിപ്പെടുത്തിയതിൽ കൊല്ലപ്പെട്ടവരിൽ ഒരാളെ പോലീസ് തിരിച്ചറിഞ്ഞു. 1986ൽ കോഴിക്കോട് കുടരഞ്ഞിയിൽ കൊല്ലപ്പെട്ടത് കണ്ണൂർ ഇരിട്ടി വെളിമാനം സ്വദേശിയായ മോഹനൻ ആണെന്ന മലപ്പുറം വേങ്ങര സ്വദേശി മുഹമ്മദിന്റെ വെളിപ്പെടുത്തൽ ശരിയാണെന്ന് ഒരു വർഷത്തിനുശേഷമാണു തിരുവമ്പാടി പോലീസ് കണ്ടെത്തിയിരിക്കുന്നത്. വർഷങ്ങൾക്കു മുമ്പ് താൻ രണ്ടു പേരെ കൊലപ്പെടുത്തിയിട്ടുണ്ടെന്ന ഞെട്ടിക്കുന്ന വെളിപ്പെടുത്തലുമായി മുഹമ്മദ് മലപ്പുറം വേങ്ങര പോലീസ് സ്റ്റേഷനിലെത്തി വെളിപ്പെടുത്തുകയായിരുന്നു.

മുഹമ്മദ്

കുടരഞ്ഞി കൊലപാതകത്തിനു പുറമേ കോഴിക്കോട് വെള്ളയിൽ ബീച്ചിൽവച്ച് മറ്റൊരാളെയും കൊലപ്പെടുത്തിയ കേസിൽ കൂട്ടുപ്രതിയാണെന്നും മുഹമ്മദ് വെളിപ്പെടുത്തിയിരുന്നു. ഇതേക്കുറിച്ച് പോലീസിനു തുമ്പ് ലഭിച്ചിട്ടില്ല. കുടരഞ്ഞി കൊലപാതകം നടന്നത് തിരുവമ്പാടി പോലീസ് സ്റ്റേഷന്റെ പരിധിയിലായതിനാൽ വേങ്ങര പോലീസ് കേസ് തിരുവമ്പാടി പോലീസിനു കൈമാറുകയായിരുന്നു. പോലീസ് മുഹമ്മദലിയെ അറസ്റ്റ് ചെയ്യുകയും ഇയാളെ കോടതി ജയിലിടയ്ക്കുകയും ചെയ്തിരുന്നു. പ്രതിയുടെ വെളിപ്പെടുത്തൽ ആദ്യ ഘട്ടത്തിൽ അവിശ്വസനീയമായി തോന്നിയെങ്കിലും നടത്തിയ കൃത്യമായ അന്വേഷണത്തിൽ കാണാതായ ആളും പ്രതി പറഞ്ഞ ലൊക്കേഷനുകളും തമ്മിൽ കൃത്യമായ ബന്ധം കണ്ടെത്താൻ കഴിഞ്ഞു. കേസിൽ കൂടുതൽ ശാസ്ത്രീയ തെളിവുകൾ ശേഖരിക്കാനുള്ള ശ്രമത്തിലാണു പോലീസ്.

ഒരു മകന്റെ മരണവും രണ്ടാമത്തെ മകന് അപകടത്തിൽ ഗുരുതരമായി പരിക്കേറ്റതും ഉൾപ്പെടെ തന്റെ ജീവിതത്തിലുണ്ടായ അനിഷ്ടകരമായ സംഭവങ്ങളാണ് മുഹമ്മദിന്റെ കുറ്റസമ്മതത്തിനു കാരണമായത്. കൊലപാതകം സംഭവിച്ച കാലത്ത് മുഹമ്മദലിക്ക് 14 വയസായിരുന്നു പ്രായം. 1986ൽ കുടരഞ്ഞിയിൽവച്ച് ഇര തനിക്കെതിരേ ലൈംഗികാതിക്രമത്തിനു മുതിർന്നതാണ് കൊലപാതകത്തിലേക്കു നയിച്ചതെന്നാണു മുഹമ്മദ് പോലീസിനോടു വെളിപ്പെടുത്തിയത്. ആക്രമണം പ്രതിരോധിക്കുന്നതിനിടെ ഇയാളെ വെള്ളത്തിലേക്ക് തള്ളിയിടുകയും തുടർന്ന് വെള്ളത്തിൽ ചവിട്ടിത്താഴ്ത്തി മരണം ഉറപ്പാക്കുകയുമായിരുന്നുവെന്നു മുള്ള മുഹമ്മദിന്റെ വെളിപ്പെടുത്തൽ കേന്ദ്രീകരിച്ച് വിശദമായ അന്വേഷണമാണു പോലീസ് നടത്തിയത്. 1980കളുടെ മധ്യത്തിൽ മലബാർ മേഖലയിൽനിന്നു കാണാതായ ആളുകളുടെ വിവരങ്ങൾ തിരുവമ്പാടി പോലീസ് ശേഖരിച്ചു.

വർഷങ്ങൾക്കു മുമ്പ് താൻ രണ്ടു പേരെ കൊലപ്പെടുത്തിയിട്ടുണ്ടെന്ന ഞെട്ടിക്കുന്ന വെളിപ്പെടുത്തലുമായി മുഹമ്മദ് മലപ്പുറം വേങ്ങര പോലീസ് സ്റ്റേഷനിലെത്തുകയായിരുന്നു.

സംഭവം നടന്ന സമയത്ത് മുഹമ്മദ് കുടരഞ്ഞിയിലെ ദേവസ്യ എന്ന ആളുടെ വീട്ടിൽ ജോലിക്ക് എത്തിയതായിരുന്നു. അപസ്മാരം ഉണ്ടായിരുന്നതിനാൽ മോഹനന്റേത് സ്വാഭാവിക മരണമാണെന്നായിരുന്നു നാട്ടുകാരുടെ അഭിപ്രായം. അപസ്മാരം വന്ന് തോട്ടിൽ വീണു മരിച്ചതാകാം എന്ന നിഗമനത്തിൽ പോലീസ് കേസ് അവസാനിപ്പിക്കുകയും ചെയ്തു. അല്പകാലം മോർച്ചറിയിൽ സൂക്ഷിച്ച മൃതദേഹം പിന്നീട് സംസ്കരിച്ചു. മുഹമ്മദിന്റെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മരിച്ചത് ആരാണെന്നു കണ്ടെത്താനുള്ള ശ്രമം തിരുവമ്പാടി പോലീസ് ആരംഭിച്ചു. മരണമടഞ്ഞത് ഇരിട്ടി സ്വദേശിയാണെന്ന സംശയം ദേവസ്യ പങ്കുവച്ചിരുന്നു. മരിച്ചയാളുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ടും കോഴിക്കോട് മെഡിക്കൽ കോളജിൽനിന്ന് അന്വേഷണ സംഘം ശേഖരിച്ചു. മരിച്ചത് പാലക്കാട് സ്വദേശിയാണെന്ന സംശയവും ഉയർന്നിരുന്നു. ഇതനുസരിച്ച് പോലീസ് പാലക്കാടും ഇരിട്ടിയിലും അന്വേഷണം നടത്തി. ഒടുവിൽ മരിച്ചത് പാലക്കാട് സ്വദേശിയല്ലെന്ന് ഉറപ്പിക്കുകയായിരുന്നു.

ലെനിന്റെ അടവുനയം മനസിലാക്കിയിരുന്നെങ്കിൽ...

മഞ്ഞക്കുറ്റികൾ സിപിഎംതന്നെ ഊരിമാറ്റുമായിരുന്നെന്ന് ജി. സുധാകരൻ

തിരുവനന്തപുരം: മഹാനായ ലെനിന്റെ അടവുനയം സിപിഎം മനസിലാക്കിയിരുന്നെങ്കിൽ കെ-റെയിൽ മഞ്ഞക്കുറ്റികൾ അവർതന്നെ ഊരിമാറ്റുമായിരുന്നെന്ന് ജി. സുധാകരൻ. ഒരടി മുന്നോട്ടു വച്ച് അത് ശരിയായില്ലെങ്കിൽ രണ്ട് സ്റ്റെപ്പ് പുറകോട്ടു പോകണം. അതാണ് ലോകത്തുള്ള വിപ്ലവപ്രസ്ഥാനങ്ങളെ ലെനിൻ പഠിപ്പിച്ച അടവുനയം. അത് എല്ലാ പ്രസ്ഥാനങ്ങളും മനസിലാക്കേണ്ട കാര്യമാണെന്നും നിയമസഭയിൽ ഗവർണറുടെ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ചയിൽ സുധാകരൻ കൂട്ടിച്ചേർത്തു.

ആ മഞ്ഞക്കുറ്റി ഇപ്പോൾ നാട്ടുകാർ ഊരിയില്ലേ. അതിന് നമ്മൾ വഴക്കുണ്ടാക്കിയിട്ട് കാര്യമില്ല. ആലോചിക്കാതെ കാണിച്ച വേണ്ടാതീനമാണത്. കമ്യൂണിസ്റ്റ് പാർട്ടി അംഗങ്ങൾക്കുപോലും അന്ന് അത് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. അന്ന് മന്ത്രിയായിരുന്ന സജി ചെറിയാന്റെ വീടിനടുത്തുള്ള ഒരു സ്ത്രീയുടെ അടുക്കളയിൽ കൊണ്ടുപോയി കല്ലിടുകയും അവരെ കാലിൽ പിടിച്ചു വലിച്ചു കൊണ്ടുപോവുകയും ചെയ്യുന്നത് കേരളം കണ്ടതാണ്. അങ്ങനെയൊരു സർക്കാർ തിരിച്ചുവരില്ല. അത് ലോകത്തിന്റെ ചരിത്രമാണെന്നും അദ്ദേഹം പറഞ്ഞു.

ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ പൊതുജനങ്ങളുടെ മനസിൽ ഒരു നല്ല അഭിപ്രായം വന്നു എന്നു പറയുന്നതിൽ സന്തോഷമുണ്ട്. താൻ ജനങ്ങളുടെ ഇടയിൽ ജീവിക്കുന്ന ആളാണ്. ആരും എതിരൊന്നും പറയുന്നില്ല. മുഖ്യമന്ത്രിയോട് തികഞ്ഞ സ്നേഹവും ബഹുമാനവുമാണ് ആളുകൾക്ക്. തുടക്കമൊക്കെ വളരെ നന്നായിരുന്നു. മഞ്ഞക്കുറ്റിയൊക്കെ മാറ്റിയത് കേരളത്തിന്റെ ചരിത്രമാണ്.

തോട്ടപ്പള്ളിയിൽ വർഷങ്ങളായി കോടാനുകോടി രൂപയുടെ കരിമണൽ കൊള്ള നടക്കുകയാണ്. കഴിഞ്ഞ 15 വർഷത്തെ കരിമണൽ കൊള്ള അന്വേഷിക്കാൻ ഒരു കമ്മീഷനെ വയ്ക്കാൻ ഈ സർക്കാർ തയാറാകണം.

നവകേരളം, നവോത്ഥാന കേരളം എന്നൊന്നും മാത്രം പറഞ്ഞിട്ട് കാര്യമില്ല. ഒരു പുതിയ സർക്കാർ വരുന്നതല്ല നവോത്ഥാനം. ഇവിടെ മുഖ്യമന്ത്രി വി.ഡി. സതീശൻ പറയുന്നത് കേരളത്തെ മാറ്റിപ്പണിയണമെന്നാണ്.

അഴിമതി കാണിച്ചുകൊണ്ട് അഴിമതിയില്ല എന്നു പ്രസംഗിക്കുന്നതൊന്നും നമുക്ക് അംഗീകരിക്കാൻ പറ്റില്ല. നന്നായി ആരംഭിക്കുന്നതെല്ലാം നന്നായി അവസാനിക്കുമെന്നാണ് ചൊല്ല്. അതിനു വേണ്ടി പ്രാർഥിക്കുന്നു. മനസ് ഭയരഹിതവും ശിരസ് സമുന്നതവുമായിരിക്കുന്നുവോ ആ സ്വർഗത്തിലേക്ക് കേരളത്തെ നയിക്കാൻ പുതിയ സർക്കാരിനു കഴിയട്ടെ എന്ന് ആശംസിക്കുന്നു.-സുധാകരൻ പറഞ്ഞു.

ക്രൈസ്തവർക്കെതിരായ അതിക്രമങ്ങളിൽ ആശങ്ക രേഖപ്പെടുത്തി പീപ്പിൾസ് ട്രൈബ്യൂണൽ

ന്യൂഡൽഹി: രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും ആദിവാസിമേഖലകളിലും ക്രൈസ്തവർ നേരിടുന്ന അതിക്രമങ്ങളിൽ ആശങ്ക രേഖപ്പെടുത്തി മനുഷ്യാവകാശ സംഘടനയായ പീപ്പിൾസ് ട്രൈബ്യൂണൽ. ന്യൂനപക്ഷങ്ങളെ ഉന്നമിട്ടു നടക്കുന്ന അതിക്രമങ്ങളിലൂടെ ഭരണഘടന ഉറപ്പ് നൽകുന്ന മതസ്വാതന്ത്ര്യം വേട്ടയാടപ്പെടുകയാണെന്നും ഡൽഹി പ്രസ് ക്ലബിൽ നടത്തിയ വാർത്താസമ്മേളനത്തിൽ സംഘടന ആരോപിച്ചു.

ആദിവാസി മേഖലയിലെ ക്രൈസ്തവർ നേരിടുന്ന പീഡനങ്ങളും അവഗണനകളും വിവരിക്കുന്ന ഡോക്യുമെന്ററി പ്രദർശിപ്പിച്ചു.

പ്രമുഖ മാധ്യമപ്രവർത്തകനും മനുഷ്യാവകാശ പ്രവർത്തകനുമായ ജോൺ ദയാൽ ഉൾപ്പെടെയുള്ള വരുടെ നേതൃത്വത്തിലായിരുന്നു വാർത്താസമ്മേളനം. അതിക്രമം നേരിട്ടവർ കഴിഞ്ഞദിവസം നേരിട്ടെത്തി അനുഭവം വിവരിച്ചിരുന്നു.

പുരുഷന്മാരെ മർദിക്കുകയും കന്യാസ്ത്രീകൾ ഉൾപ്പെടെയുള്ള സ്ത്രീകളെയും പെൺകുട്ടികളെയും അതിക്രമിക്കുകയും ചെയ്യുന്ന നിരവധി സംഭവങ്ങൾ രാജ്യത്തിന്റെ പല കോണുകളിലും നടക്കുന്നുണ്ടെന്ന് സാമൂഹ്യ പ്രവർത്തകയായ വിദ്യ ദിനകർ വിശദീകരിച്ചു.

മതം മാറി എന്നാരോപിച്ച് ഗർഭിണികളെപ്പോലും ശാരീരികമായി ആക്രമിക്കുന്ന സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അവർ ചൂണ്ടിക്കാട്ടി. മതപരിവർത്തന നിരോധന നിയമം പാസാക്കിയ സംസ്ഥാനങ്ങളിലാണ് അക്രമങ്ങൾ കൂടുതലും സംഭവിക്കുന്നത്. മതപരിവർത്തന ആരോപണം അതിക്രമങ്ങൾക്കുള്ള മറയായി ഉപയോഗിക്കുകയാണെന്നും അവർ പറഞ്ഞു.

ആദ്യ അടിയന്തര പ്രമേയ നോട്ടീസ് നടപടികളിൽത്തന്നെ സ്പീക്കർക്കു പിഴവ്

തിരുവനന്തപുരം: ആദ്യ അടിയന്തര പ്രമേയ നോട്ടീസ് നടപടികളിൽത്തന്നെ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണന് ചട്ടങ്ങളിൽ പിഴവുണ്ടായി. ഇന്ധന വിലവർധനവിലൂടെയുള്ള അധിക നികുതി വേണ്ടെന്നുവയ്ക്കണമെന്നാവശ്യപ്പെട്ട കെ.എൻ. ബാലഗോപാലിന്റെ അടിയന്തര പ്രമേയ നോട്ടീസിൽ, മുഖ്യമന്ത്രിയുടെ മറുപടിക്കും പ്രതിപക്ഷ നേതാവ് പിണറായി വിജയന്റെയും സിപിഐയിലെ കെ.രാജന്റെയും വാക്കൗട്ട് പ്രസംഗത്തിനും ശേഷം, ബിജെപിയുടെ ബി.ബി. ഗോപകുമാറിന് സംസാരിക്കാൻ അനുമതി നൽകിയിടത്താണു തിരുവഞ്ചൂരിനു പിഴച്ചത്. അടിയന്തര പ്രമേയ നോട്ടീസിൽ ഒപ്പിട്ട പ്രതിപക്ഷത്തെ ആർ ജെഡി അംഗം പി.കെ. പ്രവീൺ എഴുന്നേറ്റിട്ടും അദ്ദേഹത്തെ സംസാരിക്കാൻ അനുവദിക്കാതെ ബിജെപി അംഗത്തിന് അവസരം നൽകുകയായിരുന്നു.

ബി.ബി. ഗോപകുമാർ പ്രസംഗിക്കവേ, പ്രതിപക്ഷ അംഗങ്ങൾ ഇതിൽ പ്രതിഷേധിക്കുകയും ചെയ്തു. അടിയന്തര പ്രമേയ നോട്ടീസിൽ ഒപ്പിടാത്തവർക്ക് വാക്കൗട്ട് പ്രസംഗത്തിന് അനുമതി നൽകാറില്ല.

പ്രമേയത്തിൽ ഒപ്പിടാത്തതിനാൽ ഗോപകുമാറിന് പ്രസംഗിക്കാൻ അവസരമില്ലെങ്കിലും പറയാനുള്ളത് ചുരുക്കിപ്പറയാമെന്ന് സ്പീക്കർ നിർദേശിച്ചു. ഗോപകുമാർ പ്രസംഗം തുടങ്ങിയ സ്ഥിതിക്ക് നിർത്തിക്കുന്നില്ലെന്നും കീഴ്‌വഴക്കമായി ഇതു മാറില്ലെന്നും സ്പീക്കർ പറഞ്ഞു. എന്നാൽ വാക്കൗട്ട് നടത്തിയ ഇടത് അംഗങ്ങൾ മുദ്രാവാക്യം വിളികളുമായി തിരിച്ചെത്തി. 'ഡീലാണേ.. ഡീലാണേ..' എന്ന് മുദ്രാവാക്യം മുഴക്കി.

പ്രക